നം.ക്യൂ.ഐ.പി(2)/41340/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 03.06.2017

# സർക്കുലർ

വിഷയം :- പൊ.വി. - സ്വച്ഛ് ഭാരത് മിഷൻ (നഗരം) - ജൂൺ 5 ലോകപരിസ്ഥിതി ദിനം ആഘോഷിക്കുന്നത്- സംബന്ധിച്ച്.

സൂചന :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അർദ്ധ ഔദ്യോഗിക കത്ത് നം. 3460/സി1/15/എസ്.എം തീയതി 02.06.2017.

2019 ഒക്ടോബർ 2 ന് ഭാരതത്തെ ശുചിത്വ ഭാരതമാക്കുന്ന പ്രവർത്തനങ്ങൾ സ്വച്ഛ് ഭാരത് മിഷൻ (എസ്.ബി.എം) പദ്ധതിയിലൂടെ നടന്നു വരുന്നുണ്ട്. കേരളത്തിൽ ഹരിത കേരളം മിഷന്റെ ഉപദൗത്യമായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. ജൂൺ 5 'ലോകപരിസ്ഥിതി' ദിനത്തിൽ ഭാരതമൊട്ടാകെ കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് പരിപാലനം ചെയ്യുന്ന കാമ്പയിന് അന്ന് തന്നെ തുടക്കം കുറിക്കുകയാണ്.

പരിസ്ഥിതി ദിനമായ 2017 ജൂൺ 5 ന് സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും ടി വിഷയവുമായി ബന്ധപ്പെട്ട ഒരു പ്രതിജ്ഞ ചൊല്ലേണ്ടതുണ്ട്. ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രതിജ്ഞ എല്ലാ വിദ്യാർത്ഥികളെയും കൊണ്ട് ചൊല്ലിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കു
എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം)

# പ്രതിജ്ഞ

എന്റെ ഭാരതത്തെ ശുചിത്വ ഭാരതമാക്കുന്ന യജ്ഞത്തിൽ ഞാനും പങ്കാളിയാകും. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമാണ്. എന്റെ വീട്ടിലെ മാലിന്യം ജൈവ അജൈവ മാലിന്യമായി തരം തിരിക്കുമെന്നും, ജൈവമാലിന്യം വീട്ടിൽ തന്നെ സംസ്കരിക്കുമെന്നും അജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തെ ഏൽപ്പിക്കുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.